PAD-A1/257/2024-PAD-Part(1)

1

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.പിഎഡി-എ1/257/2024-പിഎഡി
പാർലമെന്ററികാര്യ (എ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 01-12-2024

## സർക്കുലർ

വിഷയം:- പാർലമെന്ററികാര്യ വകുപ്പ് - ബഹു.നിയമസഭാംഗങ്ങളുടെ പരാതികളിന്മേൽ മറുപടി ലഭ്യമാക്കുന്നതിലുള്ള കാലതാമസം സംബന്ധിച്ച്.

സൂചന:- 1. 08.04.2009-ലെ 16160/ഉപസി3/08/ഉഭപവ നമ്പർ സർക്കുലർ.
2. 26.06.2013-ലെ 11743/ഉപസി3/13/ഉഭപവ നമ്പർ സർക്കുലർ.

പാർലമെന്റ് അംഗങ്ങളും നിയമസഭാ സാമാജികരും സർക്കാർ ജീവനക്കാരും തമ്മിലുള്ള ബന്ധത്തെ നിയന്ത്രിക്കേണ്ട തത്വങ്ങളും കീഴ്‌ നടപ്പുകളും പലതവണയായി സർക്കുലറുകളിലൂടെ സർക്കാർ ആവർത്തിച്ച് വിശദമാക്കിയിട്ടുള്ളതാണ്.

പാർലമെന്റംഗങ്ങളിൽ നിന്നും നിയമസഭാ സാമാജികന്മാരിൽ നിന്നും ലഭിക്കുന്ന കത്തുകൾക്ക് അവ ലഭിച്ചതായുള്ള അറിയിപ്പുകൾ കൃത്യമായും നൽകേണ്ടതാണെന്നും അത്തരത്തിലുള്ള എല്ലാ കത്തുകൾക്കും ശ്രദ്ധാപൂർവ്വമായ പരിഗണന നൽകേണ്ടതും എത്രയുംവേഗം അനുയോജ്യമായ മറുപടി നൽകേണ്ടതുമാണെന്നും പ്രാദേശിക പ്രാധാന്യമുള്ള കാര്യങ്ങളുടെ തലത്തിലും അവയ്ക്ക് വിവരങ്ങളും സ്ഥിതിവിവരകണക്കുകളും എം.പി-മാരും, എം.എൽ.എ-മാരും ആവശ്യപ്പെട്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ ഉടൻ ലഭ്യമായിട്ടുള്ളതും രഹസ്യസ്വഭാവമില്ലാത്തതുമായ വിവരങ്ങൾ അവർക്ക് നൽകേണ്ടതാണെന്നും സംശയമുള്ള സംഗതികളിൽ, അഭ്യർത്ഥന നിരസിക്കുന്നതിനുമുൻപായി, മേലധികാരികളിൽ നിന്നുള്ള നിർദ്ദേശം വാങ്ങേണ്ടതാണെന്നും സൂചന 1 (ഒന്ന്) സർക്കുലറിലൂടെ നിഷ്കർച്ചിരുന്നു.

അതുപോലെ തന്നെ എം.പി/എം.എൽ.എ-മാരിൽ നിന്നും ലഭിക്കുന്ന നിവേദനങ്ങൾ/കത്തുകൾ എന്നിവയ്ക്ക് മുന്തിയ പരിഗണന നല്കേണ്ടതും ഇത്തരം കത്തുകൾ ലഭിച്ച ഉടൻതന്നെ അവ ലഭിച്ചതായുള്ള വിവരം കാണിച്ച് താൽക്കാലിക മറുപടിയും പ്രസ്തുത കത്തുകളിലും/നിവേദനങ്ങളിലും തീരുമാനമെടുക്കുമ്പോൾ അക്കാര്യം വിശദമാക്കിക്കൊണ്ടുള്ള അന്തിമ മറുപടിയും ജനപ്രതിനിധികൾക്ക് നല്കേണ്ടതുമാണെന്ന് കാണിച്ച് സൂചന 2 പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിട്ടുമുണ്ട്. എന്നാൽ മേൽ പരാമർശിച്ച പ്രകാരം നിരവധി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചതിനു ശേഷവും നിയമസഭാംഗങ്ങൾ നല്കുന്ന പരാതികളിന്മേലും കത്തുകളിന്മേലും യഥാസമയം മറുപടി നല്കുന്നില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിരിക്കുന്നു. സമയബന്ധിതമായി മറുപടി നിയമസഭയ്ക്ക് നല്കാത്തതിൽ ബഹു.നിയമസഭാ സ്പീക്കർ അതൃപ്തിയും രേഖപ്പെടുത്തിയിട്ടുണ്ട്

ഈ സാഹചര്യത്തിൽ ബഹു.നിയമസഭാംഗങ്ങളുടെ പരാതികൾ/കത്തുകളിന്മേൽ സമയബന്ധിതമായി മറുപടി നല്കുന്നതിനായി സൂചന സർക്കുലറുകൾ മുഖേന പുറപ്പെടുവിച്ച

നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കണമെന്ന് സെക്രട്ടേറിയറ്റിലെ പൊതുഭരണം, ധനകാര്യം, നിയമം ഉൾ പ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും കർശന നിർദ്ദേശം നൽകുന്നു. ഓരോ വകുപ്പിലെയും തുടർ നടപടി അതത് വകുപ്പിലെ നിയമസഭാ കാര്യങ്ങളുമായി ബന്ധപ്പെട്ട നോഡൽ ഓഫീസർമാർ/സെക്ഷനുകൾ ശ്രദ്ധിക്കേണ്ടതാണ്. സെക്രട്ടേറിയറ്റിലെ വകുപ്പുകൾ ഇതു സംബന്ധിച്ച് സെക്രട്ടേറിയറ്റിലെ ഓഫീസ് മാനുവലിലെ ഖണ്ഡിക 176(v)ൽ പ്രതിപാദിച്ചിരിക്കുന്ന നിർദ്ദേശങ്ങൾ വിട്ടുവീഴ്ച കൂടാതെ പാലിക്കേണ്ടതാണ്. പരാതികളിന്മേൽ സ്വീകരിക്കുന്ന നടപടികളുടെ പുരോഗതി വകുപ്പ് സെക്രട്ടറിമാർ മാസ അവലോകനത്തിന്റെ ഭാഗമായി വിലയിരുത്തേണ്ടതാണ്.

ടി പരാതികളിന്മേൽ സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച പുരോഗതി പൊതുവായി വിലയിരുത്തുന്നതിനും സമാഹൃത മറുപടി തയ്യാറാക്കുന്നതിനുമുള്ള ഉത്തരവാദിത്തം പാർലമെന്റികാര്യ വകുപ്പിലായിരിക്കും. ആയതിലേയ്ക്കായി ഇതിനോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന അനുബന്ധത്തിന്റെ മാതൃകയിൽ നിയമസഭാംഗങ്ങളുടെ പരാതികൾ/കത്തുകൾ സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ എല്ലാ മാസവും 10-ാം തീയതിക്കുമുമ്പായി വകുപ്പുകളിലെ നിയമസഭാകാര്യങ്ങളുമായി ബന്ധപ്പെട്ട നോഡൽ ഓഫീസർമാർ/സെക്ഷനുകൾ പാർലമെന്ററികാര്യ വകുപ്പിനെ അറിയിക്കേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ പാലിക്കാത്ത പക്ഷം, ആയത് അതീവ ഗൗരവതരമായി കർശന നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

ഉത്തരവിൻ പ്രകാരം
Signed by
സെക്ഷൻ ഓഫീസർ.
Sreeja J K
Date: 05-12-2024 15:27:40

ശാരദ മുരളീധരൻ ഐ എ എസ്
ചീഫ് സെക്രട്ടറി

പകർപ്പ്

ഗവർണ്ണറുടെ സെക്രട്ടറി, രാജ് ഭവൻ, തിരുവനന്തപുരം.
സെക്രട്ടേറിയറ്റിലെ പൊതുഭരണം, ധനകാര്യം, നിയമം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും (ഇ-ഓഫീസ് നോട്ടീസ് ബോർഡ് മുഖേന)
എല്ലാ വകുപ്പ് തലവൻമാർക്കും
ബഹു.മുഖ്യമന്ത്രിയുടേയും മറ്റ് ബഹു.മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
ബഹു.സ്പീക്കറുടേയും, ബഹു.ഡെപ്യൂട്ടി സ്പീക്കറുടേയും പ്രൈവറ്റ് സെക്രട്ടറിക്ക്.
ബഹു.പ്രതിപക്ഷനേതാവിന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്.
സെക്രട്ടറി, കേരള നിയമസഭ (ആമുഖ കത്ത് സഹിതം).
ചീഫ് സെക്രട്ടറിയുടെ ജോയിന്റ് സെക്രട്ടറിയ്ക്ക്.
ഡയറക്ടർ ഓഫ് ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ്.
പൊതുഭരണ (എസ്.സി) വകുപ്പിന്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

# സാമാജികരുടെ പരാതികൾ - പുരോഗതി റിപ്പോർട്ട്

| ക്രമ നം. | ഫയൽ നമ്പർ വിഷയം | എം.എൽ.എ-യുടെ പേര് | നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നുമുള്ള പരാതി ഉള്ളടക്കം ചെയ്ത കത്തിന്റെ നമ്പരും തീയതിയും | വകുപ്പ് | വകുപ്പിൽ നിന്നുമുള്ള കത്തിന്റെ റഫറൻസ് നമ്പർ | റിമാർക്സ് |
|---|---|---|---|---|---|---|
| 1. | | | | | | |
| 2. | | | | | | |

മേലെഴുത്ത് കത്ത് : ഡിറ്റി/5509/2024 - എ5 തീയതി : 10-12-2024

ബഹു. നിയമസഭാംങ്ങഗളുടെ പരാതികളിന്മേൽ സമയ ബന്ധിതമായി മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ചും പ്രതിമാസ റിപ്പോർട്ട് നൽകുന്നത് സംബന്ധിച്ചുമുള്ള മേൽ സർക്കുലർ അറിവിലേയ്ക്കും തുടർ നടപടികൾക്കുമായി ഇതോടൊപ്പം അയക്കുന്നു.

**Shammi Baker A, JD DTTVM, O/O JD DTTVPM**

Signed by
Shammi Baker A
Date: 10-12-2024 22:27:25

സ്വീകർത്താവ്,

എല്ലാ സ്ഥാപന മേധാവികൾക്കും
(വകുപ്പ് വെബ്സൈറ്റ് മുഖേനെ)

പകർപ്പ് :

ആസ്ഥാന കാര്യാലയത്തിലെ എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും.